## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2982 15.12.2015-ൽ മറുപടി നൽകേണ്ടത്

പട്ടയം നൽകൽ

ചോദ്യം
ശ്രീ.ജോസ് തെറ്റയിൽ

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | അങ്കമാലി നിയോജകമണ്ഡലത്തിൽ അയ്യംമ്പുഴ ഗ്രാമപഞ്ചായത്തിലെ കണ്ണിമംഗലത്തെയും പാണ്ടുപാറയിലെയും റവന്യൂ ഭൂമിയിൽ വർഷങ്ങളായി താമസിക്കുന്ന നിവാസികൾക്ക് പട്ടയം നൽകുന്നതിലെ തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ)യും (ബി)യും<br>അയ്യമ്പുഴ വില്ലേജ് ഹിൽടോപ്പ് പരിധിയിൽ വരാത്തതിനാലാണ് നിലവിലെ ഭൂപരിധിയിൽ കൂടുതൽ ഭൂമി ഉള്ളവർക്ക് ഭൂമി പതിവ് നൽകുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകം. അയ്യമ്പുഴ വില്ലേജ് ഹിൽടോപ്പ് ആയി പ്രഖ്യാപിക്കുന്നതിന് വേണ്ടിയുള്ള ശുപാർശ സർക്കാർ പരിശോധിക്കുകയും നിയമവകുപ്പ് അഭിപ്രായപ്പെട്ടതനുസരിച്ച് അയ്യമ്പുഴ വില്ലേജിലെ മുഴുവൻ ഭൂമിയും ഹിൽടോപ്പ്സ് ആയി ഉൾപ്പെടുത്തേണ്ടതുണ്ടോ എന്നും, വിഭജനത്തിന് ശേഷമുള്ള മഞ്ഞപ്ര വില്ലേജ് ഹിൽടോപ്പ് ആയി പ്രസ്തുത ചട്ടങ്ങളിൽ നിലനിർത്തേണ്ടതുണ്ടോ എന്നതും കൂടി പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ ലാൻഡ് റവന്യൂ കമ്മീഷണറോട് സർക്കാർ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല. |
| (ബി) | പട്ടയം നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും ആയത് എന്നത്തേക്ക് നൽകാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ; | |
| (സി) | ഇതു സംബന്ധിച്ച ഫയലുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | ജില്ലാ കളക്ടറേറ്റിലെ എൽ2-46675/04 നമ്പരിലും, ആലുവ താലൂക്ക് ഓഫീസിൽ സി4-6400/2004 നമ്പരിലും, ലാൻഡ് റവന്യൂ കമ്മീഷണറുടെ ഓഫീസിൽ LRJ7/5910/12-ാം നമ്പരിലും, സെക്രട്ടേറിയറ്റ് റവന്യൂ (എ) വകുപ്പിലെ 44956/എ 3/09/റവ നമ്പർ ഫയലിലും നടപടികൾ സ്വീകരിച്ചു വരുന്നു. |

e.k.v.kumar
സെക്ഷൻ ഓഫീസർ